# പ്രത്യേക നിർദേശങ്ങൾ

(വിവിധ വഴിപാടുകൾ സംബന്ധിച്ചുള്ള പ്രത്യേക നിർദേശങ്ങൾ പ്രൊപ്പോസൽ സ്റ്റേറ്റുമെന്റിലെ ക്രമം നംപരിട്ട് ഉൾപ്പെടുത്തിയിരിക്കുന്നു.)

## (B) അഭിഷേകങ്ങൾ

### B (2) കളഭാഭിഷേകം:-

ദേവസ്വം കമ്മീഷണറുടെ 26-8-2013 ലെ ആർ.ഒ.സി. 21620/96/ പി.ആർ. നമ്പർ ഉത്തരവ് പ്രകാരം തന്ത്രിയ്ക്ക് നൽകേണ്ട ദക്ഷിണ വഴിപാട് റേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വഴിപാട് നടത്തിപ്പിനായി തന്ത്രി ഹാജരാകുന്നുവെങ്കിൽ നൽകേണ്ടുന്ന യാത്രാപ്പടി തിട്ടപ്പെടുത്തി അധികമായി രസീതിൽ പ്രത്യേകം രേഖപ്പെടുത്തി ഈടാക്കി ഡിപ്പാർട്ടുമെന്റിൽ ഒടുക്കു വരുത്തേണ്ടതും നടപടിക്രമം പൂർത്തിയാക്കി നിയമാനുസരണമുള്ള തുക ചെലവെഴുതി നൽകേണ്ടതുമാണ്.

ദേവസ്വത്തിലെ വഴിപാടുകൾ ഭംഗിയായി നടത്തി നൽകേണ്ടത് ജീവനക്കാരുടെ ഡ്യൂട്ടിയുടെ ഭാഗമാകയാൽ ക്ഷേത്രജീവനക്കാർക്ക് ദക്ഷിണ എന്ന നിലയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക മുതൽകൂട്ടേണ്ടതാണ്. തന്ത്രിയുടെ അഭാവത്തിൽ മേൽശാന്തി, കീഴ് ശാന്തി എന്നിവർ വഴിപാട് നടത്തി നൽകുന്ന പക്ഷം ഇവർക്ക് ദക്ഷിണയായി രേഖപ്പെടുത്തിയിട്ടുള്ള തുക നൽകേണ്ടതാണ്. കീഴ്ശാന്തി ഇല്ലാത്ത പക്ഷം ടി തുകയും മുതൽ കൂട്ടേണ്ടതാണ്. ( മുതൽ കൂട്ട് മാത്രം ദേവസ്വത്തിൽ ഒടുക്ക് വരുത്തി ഭക്തർ നേരിട്ട് വഴിപാട് നടത്തുന്ന പക്ഷം യാത്രാപടി ഇനത്തിൽ തന്ത്രിയ്ക്ക് നൽകേണ്ടുന്ന തുക ഭക്തരിൽ നിന്നും തന്നെ ഈടാക്കി നൽകേണ്ടതാണ്)

### B (3) ക്ഷീരധാര:-

ആചാരം/കീഴ്വഴക്കമനുസരിച്ച് കൂടുതൽ പാൽ ധാരയ്ക്ക് ഉപയോഗിക്കുന്ന ദേവസ്വങ്ങളിൽ അതേ ക്രമം തുടരാവുന്നതാണ്. അതിലേയ്ക്ക് പാൽവില ലിറ്ററിന് 35/-രൂപാ ക്രമം അധികമായി രസീതിൽ രേഖപ്പെടുത്തി ഈടാക്കേണ്ടതാണ്. 7 ലിറ്റർ പാലിൽ കൂടുതൽ ആചാരം/കീഴ്വഴക്കമനുസരിച്ച് ഉപയോഗിക്കുന്ന ദേവസ്വങ്ങളിൽ അപ്രകാരം അധികം ഉപയോഗിക്കുന്ന പാലിന്റെ അളവും കാരണവും സംബന്ധിച്ച് അതാത് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ച് ഇതിലേയ്ക്ക് അനുമതി വാങ്ങി(ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ നേരിട്ട് പരിശോധന നടത്തി ആവശ്യകത ബോദ്ധ്യപ്പെട്ടിരിക്കണം) സ്ഥിരം റിക്കോർഡായി സൂക്ഷിക്കേണ്ടതും പരിശോധന യ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ധാരയ്ക്കായി എത്ര അളവ് പാൽ ഉപയോഗിക്കുന്നുവോ അതിനു മാത്രമേ സപ്ലെയർ ചെലവെഴുതാൻ പാടുള്ളൂ. ഇതുസംബന്ധിച്ച് വ്യക്തമായ വിവരം രേഖപ്പെടുത്തി, ബന്ധപ്പെട്ടവർ ഒപ്പിട്ട് രജിസ്റ്റർ ദേവസ്വങ്ങളിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

കൂടുതൽ ക്ഷീരധാര വഴിപാട് നടക്കുന്ന ക്ഷേത്രങ്ങളിൽ പാൽ വില ഒഴികെയുള്ള സപ്ലെയർ കോസ്റ്റ് ആയ 55 രൂപയിൽ ആദ്യത്തെ 5 എണ്ണത്തിന് 55 രൂപ ക്രമവും ആറ് മുതലുള്ളതിന് 29 രൂപാ ക്രമവും സപ്ലെയർ ചെലവെഴുതേണ്ടതും ബാക്കി 26 രൂപ ക്രമം മുതൽ കൂട്ടേണ്ടതുമാണ്.

## B (4) ജലധാര:-

ജലധാരയ്ക്ക് നാട്ടുനടപ്പനുസരിച്ച് മറ്റ് വഴിപാടുകൾ കൂടി നടത്തി നൽകുന്ന പക്ഷം പ്രസ്തുത വഴിപാടുകളുടെ വിവരം കൂടി പ്രത്യേകം രസീതിൽ രേഖപ്പെടുത്തി തുക ഈടാക്കേണ്ടതും ആയവയ്ക്കുള്ള മുതൽക്കൂട്ട് കൂടി മുതൽ വയ്ക്കേണ്ടതുമാണ്.

## B (8) പഞ്ചാമൃതാഭിഷേകം:-

കാൽ കൂട്ടിന്റെ തുകയാണ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് . ഭക്തരുടെ താല്പര്യപ്രകാരം കൂടുതൽ അളവ് വഴിപാടിന് റേറ്റായ Rs:130/- ന്റെ ഗുണിതങ്ങളായി ഈടാക്കി നടത്താവുന്നതാണ്. വഴിപാട് കാരന്റെ ഫോൺ നമ്പർ ഉൾപ്പെടെ യുള്ള വ്യക്തമായ വിലാസം രസീതിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## B (12) പുഷ്പാഭിഷേകം:-

പ്രതിഷ്ഠയുടെ വലിപ്പം, ഉപദേവാലയങ്ങളുടെ എണ്ണം നടത്തുന്ന ചടങ്ങുകൾ/ നിവേദ്യങ്ങൾ എന്നിവ വ്യത്യസ്തമാകയാലും, ഉപയോഗിക്കുന്ന പൂവിന് വൈവിദ്ധ്യമുള്ളതിനാലും പൂവിന്റെ വിലയിൽ വ്യത്യാസമുണ്ടാകുമെന്നതിനാലും ഓരോ ദേവസ്വത്തിലേയ്ക്കും പ്രത്യേകം പ്രൊപ്പോസ്സൽ അയച്ച് സപ്ലെയർ ചെലവെഴുതുന്നതിന് അനുമതി വാങ്ങേണ്ടതാണ്.

# (C) അർച്ചനകൾ

## C (1) അഷ്ടോത്തരാർച്ചന:-

ആകെ ഈടാക്കുന്ന തുകയായ 20/- രൂപയിൽ 50 പൈസയുടെ സപ്ലെയറിൽ 25 പൈസ ശാന്തിക്കൂറാണ്. ശാന്തിക്കൂറ് ഒരു മാസം പരമാവധി 200/- രൂപയായി നിജപ്പെടുത്തുന്നു. അധികരിച്ച് വരുന്നത് മുതൽക്കൂട്ടേണ്ടതാണ്. അഡ്മിനിസ്ട്രേറ്റീവ്

ആഫീസർ, സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പാഫീസർ, ഹയർ ഗ്രേഡ് സബ്ഗ്രൂപ്പാഫീസർ എന്നിവരുടെ ഭരണത്തിലുള്ള സബ്ഗ്രൂപ്പുകളിലെ **Grade I[st], Grade II[nd]** ദേവസ്വങ്ങളിൽ ശാന്തികൂറ് ചെലവെഴുതാൻ പാടില്ലാത്തതും ആയതു കൂടി മുതൽ കൂട്ടേണ്ടതുമാണ് .50 പൈസയിൽ ബാക്കി സപ്ലെയർ 25 പൈസ ക്രമമുള്ളത് ഒരു മാസം പരമാവധി 1500 എണ്ണം അർച്ചനയ്ക്കായി നിജപ്പെടുത്തുന്നു. അധികരിച്ചുള്ളത് മുതൽ കൂട്ടേണ്ടതാണ്.

### C (13) കുടുംബാർച്ചന:-

കുടുംബപ്പേരിലോ,കുടുംബനാഥൻ/നാഥയുടെ പേരിലോ ആണ് ഈ വഴിപാട് നടത്തേണ്ടുന്നത്. ഇതിനു പുറമെ ഓരോരുത്തരുടെ പേരും നാളും ചൊല്ലി അർച്ചന നടത്തേണ്ടതുള്ള പക്ഷം ഓരോ പേരിനും 15/-രൂപാ വീതം അധികമായി രസീതിൽ ഉൾപ്പെടുത്തി ഈടാക്കി മുതൽക്കൂട്ടേണ്ടതാണ്. രസീതെഴുതുമ്പോൾ തന്നെ ഇക്കാര്യം വ്യക്തമായി ആരാഞ്ഞ് വിവരം രസീതിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

### C (15) സംവാദസൂക്താർച്ചന:-

ഒന്നിൽ കൂടുതൽ ആൾക്കാരുടെ പേരി ലാണ് വഴിപാട് നടത്തേണ്ടതെങ്കിൽ ഓരോ പേരിനും 40/- രൂപ ക്രമം രസീതിൽ രേഖപ്പെടുത്തി വഴിപാട് നടത്തേണ്ടതാണ്.

### C (20) രക്തപുഷ്പാഞ്ജലി:-

ഈ വഴിപാടിന് കടുംപായസം ¼ ലിറ്റർ നിവേദ്യമായി നൽകുന്ന ക്ഷേത്രങ്ങളിൽ മുതൽക്കൂട്ട് 25/-രൂപയും, സപ്ലയർ 35/-രൂപയുമുൾപ്പെടെ 60/-രൂപ കൂടി അധികമായി ഈടാക്കേണ്ടതാണ്.

## (D) നിവേദ്യങ്ങൾ

### D (2-8) പാൽപായസം, ശർക്കരപായസം, കൂട്ടുപായസം, ഇടിച്ചുപിഴിഞ്ഞ പായസം,അരവണ, കടുംപായസം, എള്ളുപായസം-

വഴിപാട് നിർമ്മാണത്തിന് ഗുണൻമേൻമ ഉറപ്പാക്കുന്നതിനും വിതരണം കാര്യക്ഷമമാക്കുന്നതിനും10.01.2012-ലെ ആർ.ഒ.സി 1134/10/എസ്റ്റാ-1 നമ്പർ ബോർഡ് ഉത്തരവ് അനുസരിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിരിക്കേണ്ടതാണ്. അമ്പലപ്പുഴ പാൽപ്പായസത്തിന് ഈ റിമാർക്സ് ബാധകമല്ല.

### D (9) അപ്പം

വഴിപാടിന്റെ നിർമ്മാണത്തിന് ഗുണമേൻമ ഉറപ്പാക്കുന്നതിനും വിതരണം കാര്യക്ഷമമാക്കുന്നതിനും 10.11.2012-ലെ ആർ.ഒ.സി 1134/10/എസ്റ്റാ-1നമ്പർ ബോർഡ് ഉത്തരവ് നുസരിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിരിക്കേണ്ടതാണ്.

കൊട്ടാരക്കര മണികണ്ഠേശ്വരം ദേവസ്വം ഒഴികെയുള്ള ദേവസ്വങ്ങളിലേയ്ക്കുള്ള നിരക്കാണ് ഫിക്സ് ചെയ്തിട്ടുള്ളത്. കാൽ ലിറ്റർ അരി പൊടിച്ച് മീഡിയം വലിപ്പത്തിൽ 20 ഉണ്ണിയപ്പം തയ്യാറാക്കി നേദിച്ച് പ്രസാദമായി നൽകേണ്ടതാണ്.

## D (16) ചതുശ്ശതം

വഴിപാട്കാരന്റെ ഫോൺ നമ്പർ ഉൾപ്പെടെ വ്യക്തമായ വിലാസവും, വഴിപാടിന്റെ അളവും (ഒരു കൂട്ട് /അരകൂട്ട്/ കാൽ കൂട്ട് എന്ന വിവരം) വ്യക്തമായി രസീതിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. അളവ് വ്യക്തമായി രേഖപ്പെടുത്താത്തത് ഒരു കൂട്ട് ആയി കണക്കാക്കുന്നതാണ്.

## D (25) വടമാല

ഭക്തന്റെ ആഗ്രഹ പ്രകാരം 10 എണ്ണത്തിന്റെ ഗുണിതങ്ങളായി വടമാല തയ്യാറാക്കി വഴിപാട് നടത്താവുന്നതും ഇതിനനുസരണമായി തുക ഈടാക്കേണ്ടതുമാണ്. ഭക്തർക്ക് നൽകുന്ന രസീതിൽ അളവും, ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിലാസവും വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## D (34) അഞ്ച് വഴിപാട്

രസീതിൽ അഞ്ച് വഴിപാടുകളുടെയും വ്യക്തമായ വിവരവും, തുകയും പ്രത്യേകം രേഖപ്പെടുത്തി തുക ഈടാക്കേണ്ടതും, വഴിപാട്കാരന്റെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള പൂർണ്ണമായ വിലാസം രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

അഞ്ച് വഴിപാട് എന്നു മാത്രം രസീതിൽ രേഖപ്പെടുത്തേണ്ടതുള്ള ദേവസ്വങ്ങളിൽ നടത്തപ്പെടേണ്ടുന്ന വഴിപാടുകളുടെ വിവരം അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ രേഖാമൂലം അറിയിച്ച് റേറ്റ് നിജപ്പെടുത്തി അനുമതി വാങ്ങിയിരിക്കേണ്ടതും ആയത് ഒരു സ്ഥിരം റിക്കാർഡായി ദേവസ്വങ്ങളിൽ സൂക്ഷിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതു മാണ്.

# (E) കലശങ്ങൾ

## E (2 മുതൽ 5 വരെ) -നവകലശം, 25 കലശം, ശതകലശം, 400 കലശം (ചതുഃശതകലശം):-

ജീവനക്കാർ ശേഖരിക്കേണ്ട ഐറ്റങ്ങൾ അവർ ശേഖരിച്ച് ഹാജരാക്കേണ്ടതാണ്. നവകലശം ഒഴിച്ചുള്ള വഴിപാടുകൾക്ക് ചടങ്ങിനോടൊപ്പമുള്ള നിവേദ്യങ്ങൾക്ക് അംഗീകൃത റേറ്റ് രസീതിൽ പ്രത്യേകം രേഖപ്പെടുത്തി ഈടാക്കേണ്ടതാണ്. വാദ്യമേളത്തിന് നിശ്ചയി ച്ചിട്ടുള്ള തുക മുതൽ കൂട്ടേണ്ടതും അതാത് ദേവസ്വങ്ങളിലോ സബ്ഗ്രൂപ്പിലോ ഉള്ള പഞ്ചവാദ്യക്കാരുടെ സേവനം ഇതിലേയ്ക്ക് ഉപയോഗിക്കേണ്ടതുമാണ്.

## E (6) സഹസ്രകലശം:-

മഹത്തായ ഈ വഴിപാട് ചെലവേറിയതാകയാൽ അപൂർവ്വമായി മാത്രമേ നടക്കുന്നുള്ളു. വഴിപാട് നടക്കുന്ന ദേവസ്വങ്ങളിൽ സപ്ലയർ ചെലവെഴുതുന്നതിലേയ്ക്ക് മുൻകൂട്ടി പ്രൊപ്പോസ്സൽ അയച്ച് അനുമതി വാങ്ങേണ്ടതാണ്.

# (F) മറ്റ് വഴിപാടുകൾ

## F (1) കെട്ടുനിറ:-

പമ്പാ ദേവസ്വത്തിലേയ്ക്ക് ഒഴിച്ചുള്ളതാണ് ഈ നിരക്ക്. ഇരുമുടിയിൽ നല്ല ക്വാളിറ്റിയിലുള്ള സാധനങ്ങൾ നിറയ്ക്കേണ്ടതാണ്. ഇരുമുടിയ്ക്കകത്ത് വിവിധ ഐറ്റങ്ങൾ പ്രത്യേകമായി വയ്ക്കുന്നതിന് തുണിയിലോ, പേപ്പറിലോ ഉള്ള കവറുകൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. പ്ലാസ്റ്റിക് കർശനമായും ഒഴിവാക്കേണ്ടതാണ്. ഒരു ദിവസം ഒരു എണ്ണത്തിന്റെ വച്ചൊരുക്കിന് മാത്രമേ സപ്ലയർ ചെലവെഴുതുവാൻ പാടുള്ളു. കൂടുതലായി വരുന്ന എണ്ണം വഴിപാടുകളുടെ തുക മുതൽക്കൂട്ടേണ്ടതാണ്. (രണ്ടു മുതലുള്ളതിന്റെ മുതൽക്കൂട്ട് 100 രൂപയായി തീരുന്നതാണ്).

## F (11) തകിട്/ഏലസ്സ് പൂജ:-

ഉടൻ പൂജിച്ച് നൽകുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 7, 11, 21, 41 തുടങ്ങി അധിക ദിവസം ശ്രീകോവിലിൽ വച്ച് പൂജിക്കുന്നതിന് ഓരോ ദിവസത്തേയ്ക്കും 15 രൂപാ ക്രമം ആദ്യ രസീതിൽതന്നെ ഈടാക്കിയിരിക്കേണ്ടതാണ്. എന്നു മുതൽ എന്നുവരെ പൂജിക്കുന്നു എന്ന വിവരം മുൻകൂട്ടി ആരാഞ്ഞ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. (പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്)

## F (15) പറയിട:-

**(ഡിപ്പാർട്ടുമെന്റിൽ നിന്നും ദ്രവ്യം നൽകുന്നത്)** പറ എവിടെ ഇട്ടാലും ഡിപ്പാർട്ടുമെന്റിൽ നിന്നും പറയ്ക്കുള്ള ദ്രവ്യം നൽകുന്നതിനാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ക്ഷേത്ര സങ്കേതമെന്നോ, പുറത്തെന്നോ ഉള്ള വ്യത്യാസമില്ലാതെ നെൽപ്പറ, അരിപ്പറ എന്നിവക്ക് മാത്രം പറ ഒന്നിന് 5 രൂപാ ക്രമം പറമറിപ്പ് /ചുമട്ടുകൂലി (പറ ചുമക്കുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത ക്ഷേത്രങ്ങളിൽ മാത്രം) പ്രത്യേകം ഇൻവോയിസ് പ്രകാരം ചെലവെഴുതാവുന്നതാണ്.

**F (16) പറയിട:-(ഭക്തർ ദ്രവ്യം ഹാജരാക്കുന്നത്)** ഭക്തർ ഹാജരാക്കുന്ന ദ്രവ്യങ്ങൾ പറയായി സ്വീകരിക്കുന്നതിന് 3-ാം നമ്പർ നടവരവ് രസീത് നൽകുക

യാണ് നിലവിലുള്ള രീതി. ഇതിലേയ്ക്ക് ഡിപ്പാർട്ടുമെന്റിലേയ്ക്ക് പ്രത്യേകം തുക ഒന്നും നിലവിൽ ഈടാക്കുന്നില്ല. ഇത് രസീത് നൽകാതെ പറ സ്വീകരിക്കുന്നതിന് ഇട യാക്കുന്നതിനു പുറമേ അക്കൗണ്ടിംഗിൽ അവ്യക്തത ഉണ്ടാക്കുന്നതായും കാണപ്പെടുന്ന തിനാൽ ഏത് അളവിലെ പറ ആയാലും പറ ഒന്നിന് 10 രൂപാ ക്രമം നിരക്ക് ഈടാ ക്കേണ്ടതാണ്. (രസീതിൽ പറ വരുന്ന ഐറ്റത്തിന്റെ അളവ്/തൂക്കം വ്യക്തമായി രേഖപ്പെ ടുത്തിയിരിക്കേണ്ടതാണ്. ) പറ ചുമക്കുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയി ട്ടില്ലാത്ത ദേവസ്വങ്ങളിൽ പറ ഒന്നിന് 5 രൂപാ ക്രമം ചുമട്ടുകൂലി എഴുതാവുന്നതാണ്. അൻപറ ഒന്നിന് 3-ാം നമ്പർ രസീത് പ്രകാരം 20 രൂപ ഈടാക്കേണ്ടതാണ്.

## F (20) ചിറപ്പ്:-

ചിറപ്പിനോടനുബന്ധിച്ച് നടത്തുന്ന ഓരോ വഴിപാടുകൾക്കും പ്രത്യേക മുതൽക്കൂട്ട് കൂടി ഈടാക്കേണ്ടതാണ്. ഓരോ അമ്പലത്തിന്റെയും പ്രാധാന്യം, ഉപദേവാലയങ്ങളുടെ എണ്ണം, പ്രാദേശിക നടത്തിപ്പുരീതി, നടത്തുന്ന ചടങ്ങുകൾ/വഴിപാടുകൾ വ്യത്യസ്തമാക യാൽ ഓരോ ക്ഷേത്രത്തിലേയ്ക്കും പ്രത്യേകം പ്രൊപ്പോസ്സൽ അയച്ച് സപ്ലെയർ ചെല വെഴുതുന്നതിന് അനുമതി വാങ്ങേണ്ടതാണ്.

## F (22a,22b,23,24)

**കുത്തിയോട്ടം,കുത്തിയോട്ടം(ചെട്ടികുളങ്ങര), ഒറ്റത്തൂക്കം, ഗരുഡൻ തൂക്കം:-** പൊതുവായി ഈ വഴിപാട് എല്ലാ ദേവസ്വങ്ങളിലും നടക്കുന്നി ല്ല എന്നതിനാലും നടത്തുന്ന രീതിയിൽ പ്രാദേശിക വ്യത്യാസം ഉള്ളതിനാലും ഐതീഹ്യ ങ്ങൾ വ്യത്യസ്തമാകയാലും വഴിപാട് നടത്തുന്ന ദേവസ്വങ്ങളിൽ സപ്ലെയർ ചെലവെഴുതു ന്നതിലേയ്ക്ക് പ്രൊപ്പോസ്സൽ അയച്ച് അനുമതി വാങ്ങേണ്ട താണ്.

## F (28) കളം എഴുത്തും പാട്ടും:-

കീഴ്പതിവുകളും അമ്പലങ്ങളിലെ ചടങ്ങുകളും വ്യത്യസ്തമാകയാൽ പ്രത്യേകം പ്രൊപ്പോ സ്സൽ അയച്ച് സപ്ലെയർ ചെലവെഴുതുന്നതിന് അനുമതി വാങ്ങേണ്ടതാണ്.

## F (41) വിവാഹം:-

നിറപറ, വച്ചൊരുക്ക്, സ്റ്റാമ്പ്, ഷാറവില, സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് ഉൾപ്പെടെയുള്ളതാണ് ആകെ തുക. ഫർണീച്ചർ, പാത്രങ്ങൾ, കെട്ടിടം/ഊട്ടുപുര എന്നിവയ്ക്കുള്ള വാടക പ്രത്യേകം ഈടാക്കണം. ഓരോ ദേവസ്വത്തിലും അതിനോടനുബന്ധിച്ചുള്ള ഊട്ടുപുര, ഫർണിച്ചർ, പാത്രങ്ങൽ കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് തുടങ്ങിയവയ്ക്ക് എല്ലാം കൂടി മൊത്തം നിരക്ക് നിശ്ചയിക്കേണ്ടതും അതനുസരിച്ച് രസീത് നൽകി തുക ഒന്നാകെ

ഈടാക്കേണ്ടതുമാണ്. ടി പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത പക്ഷം ബോർഡിന്റെ എസ്റ്റേറ്റ് ഡിവിഷൻ മുഖേന ഉടൻ നിരക്ക് നിശ്ചയിച്ച് വാങ്ങിയിരിക്കേണ്ടതാണ്.

വിവിധ ഐറ്റങ്ങൾ സംഘടിപ്പിച്ച് നല്ല രീതിയിൽ വച്ചൊരുക്കുന്നതിനാണ് സപ്ലെയർ അനുവദിച്ചിട്ടുള്ളത്. വിവാഹച്ചടങ്ങ് തൃപ്തികരമായി നടത്തിച്ച് നൽകേണ്ടത് ജീവനക്കാരുടെ ഡ്യൂട്ടിയുടെ ഭാഗമാണ്. വാദ്യമേളക്കാർ വിവാഹ പാർട്ടിയെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിനായി ഓരോ വിവാഹത്തിനും 'സ്വീകരണത്തിന്" ഉൾപ്പെടെ എന്ന് രേഖപ്പെടുത്തി 300/- രൂപ പ്രത്യേകം ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## F (47)തൊട്ടിലും കുഞ്ഞും:-

ദേവസ്വത്തിൽ നിന്നും സാധനം സപ്ലെ ചെയ്യുന്ന പക്ഷം 260 രൂപയും മുതൽക്കൂട്ടേണ്ടതാണ്. വഴിപാട്കാരന്റെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വ്യക്തമായ വിലാസം രസീതിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## F (48) വാഹനം എഴുന്നെള്ളിപ്പ്:-

മേളം, കഴക പ്രവൃത്തി, ദീപയഷ്ടി എടുപ്പ് തുടങ്ങിയവ ജീവനക്കാരുടെ ഡ്യൂട്ടിയുടെ ഭാഗമാകയാൽ അതാത് ദേവസ്വം/ സബ്ഗ്രൂപ്പ് ജീവനക്കാരെ കൊണ്ട് ഡ്യൂട്ടി നിർവഹിപ്പിക്കേണ്ടതും ഇതിലേയ്ക്കുള്ള ദക്ഷിണ തുകയായ 800 രൂപ കൂടി മുതൽ കൂട്ടേണ്ടതുമാണ്.

## F (49, 50) ചുറ്റുവിളക്ക്, ആലുവിളക്ക്:-

1) ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാർ ഓരോ ദേവസ്വത്തിലെയും വിളക്കുകളുടെ എണ്ണം പരിശോധിച്ച് ബോദ്ധ്യപ്പെട്ട് മഹസ്സർ തയ്യാറാക്കിയിട്ടില്ലാത്ത പക്ഷം മഹസ്സർ തയ്യാറാക്കി അതനുസരിച്ച് തുക ഈടാക്കേണ്ടതാണ്. ഫ്രാക്ഷൻ വരുന്ന പക്ഷം തൊട്ടു മുകളിലായി 50/- രൂപയുടെ ഗുണിതങ്ങളായി റൗണ്ട് ചെയ്ത് അധികം വരുന്ന തുക കൂടി മുതൽക്കൂട്ടേണ്ടതാണ്. മഹസ്സറിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി സ്ഥിരം റിക്കാർഡായി പ്രത്യേകം സൂക്ഷിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) എണ്ണ സ്റ്റോക്കുള്ള ദേവസ്വങ്ങളിൽ ടി വഴിപാടുകൾക്ക് ആയത് ഉപയോഗിക്കേണ്ടതും, എണ്ണവില മുതൽക്കൂട്ടേണ്ടതുമാണ്. ഇപ്രകാരം ഉപയോഗിക്കുമ്പോൾ മറ്റ് ചെലവുകൾക്കുള്ള സപ്ലെയർ തുകയായ വിളക്കൊന്നിന് .40 പൈസാ ക്രമം മാത്രമേ സപ്ലെയർ ചെലവെഴുതുവാൻ പാടുള്ളു.

3) അധികമായി എണ്ണ സ്റ്റോക്കുള്ള ദേവസ്വങ്ങളിൽ നിന്നും മറ്റ് ദേവസ്വങ്ങളിലേയ്ക്ക് വഴിപാടാവശ്യത്തിനുള്ള എണ്ണ രസീതിൻപടി നിയമാനുസരണം നൽകി അക്കൗണ്ട് ചെയ്യേണ്ടതാണ്.

4) എണ്ണ വിനിയോഗം സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ ദേവസ്വങ്ങളിൽ പരിപാലിച്ചിരിക്കേണ്ടതാണ്. എണ്ണ കൊടുക്കുന്നതും വാങ്ങുന്നതും സംബന്ധിച്ച

ഉത്തരവു നമ്പരും തീയതിയും രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

5) ചുറ്റുവിളക്കിനോടൊപ്പം മറ്റ് വഴിപാടുകൾ നടക്കുന്നുണ്ടെങ്കിൽ രസീതിൽ ഓരോ വഴിപാടിന്റേയും വിവരം തുക സഹിതം പ്രത്യേകം രേഖപ്പെടുത്തി രസീത് നൽകിയിരിക്കേണ്ടതാണ്.

6) ചിറപ്പ്, നിറമാല തുടങ്ങി മറ്റ് എതെങ്കിലും വഴിപാടുകൾക്കൊപ്പം ചുറ്റുവിളക്ക് നടത്തുന്നുണ്ടെങ്കിലും ടി ക്രമം രസീതിൽ രേഖപ്പെടുത്തി അക്കൗണ്ട് ചെയ്യേണ്ടതാണ്.

## F (51) തീയാട്ട്:-

വഴിപാട് നടത്തി നൽകേണ്ടത് ജീവനക്കാരുടെ ഡ്യൂട്ടിയുടെ ഭാഗമാണ്. വഴിപാടിനുള്ള മേളം അതാത് ദേവസ്വം/സബ്ഗ്രൂപ്പ് ജീവനക്കാരെ കൊണ്ട് നിർവ്വഹിപ്പിക്കേണ്ടതും, മേളം, കഴകം, തളി, വാച്ചർ എന്നിവർക്കായി ഉൾപ്പെടുത്തിയിട്ടുള്ള ദക്ഷിണതുകയും കൂടി മുതൽ കൂട്ടേണ്ടതുമാണ്.

## F (53-,54) പഞ്ചഗവ്യനെയ്യ്ജപം, നെയ്യ്ജപം:-

ഒന്നിൽ കൂടുതൽ ദിവസം ശ്രീകോവിലിൽ വച്ച് പൂജിക്കേണ്ടതുള്ള പക്ഷം 45, 35 രൂപയ്ക്ക് പുറമെ അധികമുള്ള ഓരോ ദിവസത്തേയ്ക്കും 10 രൂപാ ക്രമം രസീതിൽ പ്രത്യേകം രേഖപ്പെടുത്തി ഈടാക്കേണ്ടതാണ്. പൂജിക്കുന്ന തീയതി എന്നുമുതൽ എന്നുവരെ എന്നത് വഴിപാടുകാരനിൽ നിന്നും ആരാഞ്ഞ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ആയതിന് പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## F (55,56) ഗുരുസി, കൈവട്ട ഗുരുസി:-

ഈ വഴിപാട് പൊതുവായി എല്ലാ ദേവസ്വങ്ങളിലും നടക്കുന്നതല്ല. വഴിപാടിനൊപ്പമുള്ള കടുംപായസത്തിന് പ്രത്യേകം നിരക്ക് ഈടാക്കേണ്ടതാണ്. വഴിപാട് നടത്തുന്ന രീതിയിൽ പ്രാദേശിക നിരക്കിൽ വ്യത്യാസമുള്ള പക്ഷം സപ്ലൈയർ ചെലവെഴുതുന്നതിലേയ്ക്ക് പ്രത്യേകം പ്രൊപ്പോസ്സൽ അയച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

## F (59) നെയ്യ് വിളക്ക്:-

ചെറിയ നിലവിളക്ക് ഇല്ലാത്ത ദേവസ്വങ്ങളിൽ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ അനുമതിയോടെ ആവശ്യാനുസരണം മറ്റ് ദേവസ്വങ്ങളിൽ നിന്നും ഏതാണ്ട് ഒരേവലിപ്പത്തിലുള്ളവ ശേഖരിച്ച് അക്കൗണ്ട് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. വിളക്കുകൾ വൃത്തിയാക്കി തിരി ഇട്ട് **15 ml**. ൽ കുറയാതെ ശുദ്ധമായ നെയ്യ് ഒഴിച്ച് കത്തിക്കാൻ പാകത്തിന് കൗണ്ടറിന് സമീപത്തായി ഭക്തർ കാണത്തക്ക രീതിയിൽ വയ്ക്കേണ്ടതാണ്. വിളക്ക് വൃത്തിയാക്കി

കത്തിക്കാൻ പാകത്തിൽ തയ്യാറാക്കുന്നതിന് ഏതെങ്കിലും ജീവനക്കാരനെ പ്രത്യേകം നിയോഗിക്കേണ്ടതും അപ്രകാരം നിയോഗിക്കപ്പെടുന്ന ആളിന് വിളക്കൊന്നിന് 50 പൈസാ ക്രമം ശ്രമദക്ഷിണ നൽകേണ്ടതുമാണ്. ഒരു ദിവസം പരമാവധി 50 രൂപയായി ദക്ഷിണ നിജപ്പെടുത്തി ബാക്കി കൂടി മുതൽ കൂട്ടേണ്ടതാണ്.

## F (60) അന്നദാനം (ആളൊന്നിന്):-

പല റേറ്റുകളിൽ അന്നദാനം നടത്തിവരുന്നത് ഈ രീതിയിൽ ക്രമപ്പെടുത്തേണ്ടതാണ്. ഡ്യൂപ്ളിക്കേറ്റോടു കൂടിയ സ്പെഷ്യൽ ടിക്കറ്റ് മാത്രമേ ഇതിലേയ്ക്ക് ഉപയോഗിക്കാൻ പാടുള്ളൂ ഓരോ ദിവസവും രസീതിൻപടിയുള്ള എണ്ണമോ, യഥാർത്ഥത്തിൽ അന്നദാനം വിതരണം ചെയ്യുന്ന എണ്ണമോ, ഏതാണോ കുറവ് അതിനു മാത്രമേ സപ്ലെയർ ചെലവെ ഴുതുവാൻ പാടുള്ളു. നിലവിൽ എണ്ണം ലിമിറ്റ് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ ആയത് തുട രേണ്ടതാണ്. എല്ലാ ദേവസ്വങ്ങളിലും അന്നദാനം ബുക്കിംഗ്, പാചകം, വിതരണം എന്നിവ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ (രസീത് നമ്പരും തീയതിയും, തുകയും വഴിപാടുകാരന്റെ വിവരവും ഉൾപ്പെടെ) രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിച്ചിരിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അന്നദാനം വിതരണത്തിന് കൂപ്പൺ പ്രിന്റ് ചെയ്തു വാങ്ങി നിർബന്ധമായും ഉപയോഗിച്ചിരിക്കേണ്ടതും ആയതിന്റെ വിവരവും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കണം

| നം | ദേവസ്വം | സാധാരണ ദിവസം | വിശേഷ ദിവസങ്ങളിൽ |
|---|---|---|---|
| 1 | തിരുവല്ലം | 1000 എണ്ണം | 1200 എണ്ണം |
| 2 | വർക്കല | 300 എണ്ണം | 500 എണ്ണം |
| 3 | ഏറ്റുമാനൂർ | 200 എണ്ണം | 300 എണ്ണം |
| 4 | തൃക്കാക്കര | അന്നദാനം നടക്കുന്ന ദിവസങ്ങളായ തിരുവോണം ആയില്യം നാളുകളിൽ 750 എണ്ണം | |

പ്രധാന ദേവസ്വങ്ങളായ തിരുവല്ലം, വർക്കല, ഏറ്റുമാനൂർ, തൃക്കാക്കര ദേവസ്വങ്ങളിൽ ടി ദേവസ്വങ്ങളിൽ അന്നദാനം നടത്തുന്നതിന് 30/07/2024-ലെ ROC 10416/12/SUIT/NS നമ്പർ ബോർഡ് ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുള്ള താണ്.

## F (74) ഐശ്വര്യ പൂജ:-

ആവശ്യത്തിന് വിളക്ക് ഇല്ലാത്ത ദേവസ്വങ്ങളിൽ ഗ്രൂപ്പിലെ മറ്റ് ദേവസ്വങ്ങളിൽ നിന്ന് ഏതാണ്ട് ഒരേ വലിപ്പത്തിലുള്ള നിലവിളക്ക് അസിസ്റ്റന്റ് കമ്മീഷണരുടെ ഉത്തരവ് പ്രകാരം ശേഖരിച്ച് റിക്കോർഡ് ചെയ്ത് സൂക്ഷിക്കേണ്ടതും, ഓരോ തവണയും വൃത്തിയാക്കി വഴി